Malayalam المليبارية

# നോമ്പ് രണ്ട് വിധമാണ്.

**ഐച്ഛികം:** ഉപരിസൂചിത നോമ്പുകൾക്ക് പുറമെയുള്ള നോമ്പ്.

**നിർബന്ധം :** റമദാൻ നോമ്പ്, പ്രായശ്ചിത്തത്തിന്റെ ഭാഗമായുള്ള നോമ്പ്, നേർച്ചയുടെ ഭാഗമായുള്ള നോമ്പ്

## നോമ്പിന്റെ നിർവചനം


ഫജ്ർ മുതൽ സൂരസ്തമയം വരെ ഭക്ഷണപാനിയങ്ങളും നോമ്പ് മുറിയുന്ന മറ്റ് കാര്യങ്ങളും ഉപേക്ഷിച്ച് അല്ലാഹുവിന് വേണ്ടി നിർവ്വഹിക്കുന്ന ആരാധനയാണ് അത്.

## നോമ്പിന് രണ്ട് റുക്നുകൾ (സ്തംഭങ്ങൾ) ആണുള്ളത്.

### 1 നിയ്യത്ത്.

| സുന്നത്ത് നോമ്പിന്റെ നിയ്യത്ത് | നിയ്യത്ത് നിർബന്ധമാണ്. |
|---|---|
| നോമ്പ് മുറിയുന്ന കാര്യങ്ങൾ സംഭവിച്ചിട്ടില്ലെങ്കിൽ പകലിൽ ഏത് സമയത്തും നിയ്യത്ത് ചെയ്യാവുന്നതാണ്. നിയ്യത്ത് ചെയ്ത സമയം മുതൽ നോമ്പിന്റെ പ്രതിഫലം ലഭിക്കുന്നതാണ്. | നിർബന്ധ നോമ്പുകൾക്ക് പ്രഭാതോദയത്തിന് മുമ്പ് രാത്രി തന്നെ നിയ്യത്ത് ചെയ്യൽ അനിവാര്യമാണ്. റമദാനിന്റെ തുടക്കത്തിൽ ഒന്നിച്ച് നിയ്യത്ത് ചെയ്താൽ മതി. നിയ്യത്തിന്റെ സ്ഥാനം ഹൃദയമാണ്. നാവുകൊണ്ട് ഉച്ചരിക്കൽ പുത്തനാചാരമാണ്. |

### 2 നോ മ്പ്മുറിയുന്ന കാര്യങ്ങളെ വിട്ടുനിൽക്കൽ



### നോമ്പ് മുറിയുന്ന കാര്യങ്ങൾ

1- മനപ്പൂർവ്വം ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കൽ. മറന്ന് ഭക്ഷണ പാനിയങ്ങൾ ഉപയോഗിച്ചാൽ നോമ്പ് സ്വഹീഹാണ്.
2- ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക. നോമ്പ് നിർബന്ധമുള്ളവൻ റമദാനിലെ പകൽ സമയത്ത് ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാൽ, അവൻ കനത്ത പ്രായശ്ചിത്തം നൽകണം. 3- ശുക്ലസ്കലനം ഉണ്ടാവുക.
4- ഭക്ഷണപാനീയങ്ങളുടെ ഉപകാരം ലഭിക്കുന്ന ഉത്തേജന മരുന്നുകൾ പോലുള്ളവ കുത്തിവെക്കുക. 5- കൊമ്പ് ചികിത്സ 6 -ഉണ്ടാക്കി ഛർദിക്കൽ
7 - ആർത്തവം, പ്രസവരക്തം എന്നിവ പുറത്ത് വരിക

### നോമ്പുകാരന് അനുവദനീയ ചില കാര്യങ്ങൾ

- ആവശ്യമുള്ള ഘട്ടത്തിൽ ഭക്ഷണത്തിന്റെ രുചി നോക്കൽ
- ഉമിനീർ ഇറക്കൽ.
- കുളിക്കൽ.
- പല്ലുതേക്കൽ.
- സുഗന്ധം ഉപയോഗിക്കൽ
- ശരീരം തണുപ്പിക്കൽ

## നോമ്പ് നിർബന്ധമാകാനുള്ള നിബന്ധനകൾ

1 - മുസ്‌ലിമാകൽ

2- ബുദ്ധിയുള്ളനാകൽ

3- പ്രായപൂർത്തിയാകൽ. പ്രായപൂർത്തിയാകാത്തവരെ നോമ്പ് എടുക്കാൻ പ്രോൽസാഹിപ്പിക്കണം. രക്ഷിതാക്കൾ അതിനായി കുട്ടികളോട് കൽപ്പിക്കണം.

4- യാത്രക്കാരൻ അല്ലാതിരിക്കണം. യാത്രക്കാരന് നോമ്പ് നിർബന്ധമില്ല. പ്രയാസമില്ലാത്ത യാത്രികർ നോമ്പെടുക്കലാണ് നല്ലത്. അതാണ് നബിചര്യ. കാരണം, അത് ബാധ്യതകൾ വേഗത്തിൽ നിറവേറ്റുകയും ഉത്തരവാദിത്വങ്ങൾ എളുപ്പം തീർക്കലും റമദാൻ മാസത്തിന്റെ പുണ്യം നേടലുമാണ്..

5- ആരോഗ്യം ഉണ്ടാകണം.

6- ആർത്തവം, പ്രസവരക്തം എന്നിവ ഇല്ലാത്ത അവസ്ഥയിലാകണം

### നോമ്പ്കാരന് നിഷിദ്ധമായ കാര്യങ്ങൾ

1-കഫം ഇറക്കുക. എന്നാൽ അത് കാരണത്താൽ നോമ്പ് മുറിയുകയില്ല.
2-നോമ്പിന് കുഴപ്പം സംഭവിക്കുന്നതിന് ഇടയാകാവുന്ന ചുമ്പനം.
3-തോന്നിവാസം (എല്ലാ നിഷിദ്ധങ്ങളും)
4-വിവരദോഷം പറയലും പ്രവർത്തിക്കലും
5-വിസ്വാൽ ( രണ്ട് ദിവസം നോമ്പ് മുറിക്കാതെ ഒന്നിച്ച് നോമ്പെടുക്കൽ)

### നോമ്പുകാരൻ ചെയ്യൽ കറാഹത്തായത് (വെറുക്കപ്പെട്ടത് )

1- കൊപ്ലിക്കുമ്പോഴും, മൂക്കിൽ കയറ്റി ചീറ്റുമ്പോഴും വെള്ളം അമിതമാക്കൽ.
2-ആവശ്യമില്ലാതെ ഭക്ഷണത്തിന്റെ രുചി നോക്കൽ